LIBRARY ARCHIVES Kerala Legislative Assembly

അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

7 (4589) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഊർജ്ജസംരക്ഷണത്തിനും പാരമ്പര്യേതര ഊർജ്ജ വിനിയോഗത്തിനും അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് പറയാമോ ;

(ബി) ഈ ഉദ്ദേശത്തോടെ അനെർട്ടിന്റെ ചുമതലയിൽ പുരോഗതിയിൽ ഇരിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ ; ഇതിനായി സർക്കാർ നൽകിയിട്ടുള്ള തുക എത്രയെന്നും ഏതെല്ലാം ഇനങ്ങളിലെന്നും വ്യക്തമാക്കുമോ ;

(സി) അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം അവലോകനം ചെയ്യുന്നതിന് സംവിധാനങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഊർജ്ജസംരക്ഷണത്തിനും പാരമ്പര്യേതര ഊർജ്ജ വിനിയോഗത്തിനും അനെർട്ട് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.

(ബി) അനെർട്ടിന്റെ ചുമതലയിൽ പുരോഗതിയിലിരിക്കുന്ന പ്രവർത്തനങ്ങളും ഇതിനായി സർക്കാർ നൽകിയിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. അനെർട്ടിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും അവലോകനം നടത്താറുണ്ട്. കൂടാതെ വകുപ്പുതലത്തിലും പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

ബോണ്ടുകളും എഗ്രിമെന്റുകളും വയ്ക്കുന്നതിനുള്ള ഫീസ്

8 (4590) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യുച്ഛക്തി വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി ബോണ്ടുകളും എഗ്രിമെന്റുകളും വയ്ക്കുന്നതിനുള്ള ഫീസ് വർദ്ധിപ്പിച്ചതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത്തരം ബുദ്ധിമുട്ടുകളിൽ നിന്നും ജനങ്ങളെ സഹായിക്കുവാൻ എന്ത് നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാമോ ;

(സി) ഇത്തരം എഗ്രിമെന്റുകൾക്ക് ഒരു മിനിമം ഫീസ് മാത്രം ഈടാക്കി ഒരു നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയാൽ ജനങ്ങൾക്ക് സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;അതിന് സാധ്യമെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കേരള ഫിനാൻസ് ബിൽ 2015-ൽ 'കേരള സ്റ്റാമ്പ് ആക്ട് 1959-ന് നിർദ്ദേശിച്ചിരിക്കുന്ന ഭേദഗതി അനുസരിച്ച് 500 രൂപ വിലയുള്ള മുദ്രപത്രത്തിലാണ് 1-4-2015 മുതൽ എഗ്രിമെന്റുകൾ വയ്ക്കേണ്ടത്.

സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ആവശ്യമില്ലാത്ത പെറ്റി കോൺട്രാക്ട് പ്രവൃത്തികളുടെ ചെലവിന്റെ പരിധി 5,000 രൂപയിൽനിന്നും 10,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 6-9-2011-ന് ബോർഡ് ഉത്തരവിറക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ വകുപ്പുകൾ അനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. സർവ്വീസ് കണക്ഷൻ നടപടികൾ സ്വീകരിക്കുന്നത്.

സമ്പൂർണ്ണ വൈദ്യുതീകരണം

9 (4591) ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാത്ത നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ 88 നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly